STATE POVERTY ERADICATION MISSION ★ KUDUMBASHREE ★ GOVT. OF KERALA
28 MAY 2018

5415

**കേരള സർക്കാർ**

സംഗ്രഹം

ഉന്നത വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ കോളേജുകളിലും ഹോസ്റ്റലുകളിലും കുടുംബശ്രീ യൂണിറ്റുകളുടെ താൽക്കാലിക സേവനം പ്രയോജനപ്പെടുത്തുന്നതിനു അനുമതി നല്കി ഉത്തരവാകുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

ജി.ഒ.(ആർറ്റി.)നം. 1013/2018/ഉവിവ   തീയതി, തിരുവനന്തപുരം, 25/05/2018.

---

പരാമർശം: സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 23.10.2017 ലെ സി6/10114/17/ഡി.ടി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ കോളേജുകളിലും അതിനോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലും ക്ലീനിംഗ്, കുക്കിംഗ്, സാനിട്ടേഷൻ വർക്കർ തുടങ്ങിയ വിഭാഗങ്ങളിലുള്ള അനദ്ധ്യാപക ജീവനക്കാരുടെ അഭാവം കോളേജുകളുടെയും ഹോസ്റ്റലുകളുടെയും സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നതും വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതുമായ സാഹചര്യം പരിഗണിച്ച് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ഹൗസ് കീപ്പിംഗ്, കുക്കിംഗ്, സെക്യൂരിറ്റി, ക്ലീനിംഗ് തുടങ്ങിയ ജോലികൾ ചെയ്യുന്നതിന് വകുപ്പിനു കീഴിലുള്ള കോളേജുകളിൽ കുടുംബശ്രീ യൂണിറ്റുകളുടെ താൽക്കാലിക സേവനം പ്രയോജനപ്പെടുത്തുന്നതിനു പ്രിൻസിപ്പൽമാർ കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്ററുമായി ധാരണാപത്രം ഒപ്പ വയ്ക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ധാരണാ പത്രത്തിന്റെ മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**തരുൺലാൽ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽമാർക്കും (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരളം, കോട്ടയം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Many M

സെക്ഷൻ ഓഫീസർ

# <u>ധാരണാപത്രം</u>

............ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ആർട്സ് & സയൻസ് കോളേജുകളിലും അതിനോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലും വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ...................... ജില്ല ഒന്നാം കക്ഷിയായും., ............... പ്രിൻസിപ്പൽ രണ്ടാം കക്ഷിയായും 2018......................മാസം ..................തീയതി പരസ്പര ധാരണയിൽ ഒപ്പുവയ്ക്കുന്ന കരാർ.

കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പ് ...........................നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ വിവിധ ആർട്സ് & സയൻസ് കോളേജുകളിലും അതിനോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലും ഹൗസ് കീപ്പിംഗ്, കുക്കിംഗ്, സെക്യൂരിറ്റി, ക്ലീനിംഗ് തുടങ്ങി ജോലികൾ ചെയ്യുന്നത് കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് യൂണിറ്റുകൾക്ക് നല്കാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, ........................................ജില്ലയിലെ ..................... ആർട്സ് & സയൻസ് കോളേജിലെ/ഹോസ്റ്റലിലെ താഴെപറയുന്ന സേവനങ്ങൾക്കായി കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് യൂണിറ്റുകളെ ഏൽപ്പിക്കുന്നതിനും, ഈ യൂണിറ്റുകൾ മികച്ച സേവനം നടത്തുന്നതിനും വേണ്ടി പരസ്പര സമ്മതപ്രകാരം തയ്യാറാക്കുന്ന ധാരണാപത്രം.

**ഒന്നാം കക്ഷിയുടെ ഉത്തരവാദിത്വങ്ങൾ**

1. .................................. ജില്ലയിലെ ..............................................ആർട്സ് & സയൻസ് കോളേജുകളിലെ/ഹോസ്റ്റലിലെ പ്രിൻസിപ്പൽ ................., ............................................., .........................., ..............................., ............ എന്നീ സേവനങ്ങൾക്കുവേണ്ടി ....................... പേർ അടങ്ങുന്ന ഒരു മൈക്രോ സംരംഭ യൂണിറ്റിനെ ആവശ്യപ്പെട്ടതു പ്രകാരം .................................... പേർ അടങ്ങുന്ന ഒരു യൂണിറ്റിനെ ഈ കരാർ ഒപ്പിട്ടതിന് 7 (ഏഴ്) ദിവസത്തിനകം നല്കുന്നതാണ്.

2. ടി യൂണിറ്റിന് ആവശ്യമായ പരിശീലനം, യൂണിഫോം, ഐഡി കാർഡ് എന്നിവ നല്കും.

3. ഹോസ്റ്റലിന്റെ പ്രവർത്തനത്തിന് കൂടുതൽ പേരെ ആവശ്യമുണ്ടെങ്കിൽ രണ്ടാം കക്ഷി ആവശ്യപ്പെടുന്ന മുറയ്ക്ക് ............ ദിവസത്തിനുള്ളിൽ നല്കുന്നതാണ്.

4. മൈക്രോ സംരംഭ യൂണിറ്റുകൾ പ്രവർത്തനത്തിൽ മികച്ച ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ടെന്ന് ബന്ധപ്പെട്ട കുടുംബശ്രീ സിഡിഎസ്സും ജില്ലാ മിഷനിലെ അസി.ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ മുഖേനെ വിലയിരുത്തും.

5. ലൈസൻസുകൾ ആവശ്യമാകുന്ന പക്ഷം ആയത് യൂണിറ്റുകൾ എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

6. ആർട്സ് & സയൻസ് കോളേജുകളിലെ/ഹോസ്റ്റലിലെ പ്രവർത്തിക്കുന്ന മൈക്രോ സംരംഭങ്ങളിൽ ഹാജർ ബുക്ക് വയ്ക്കുകയും ആയത് രണ്ടാം കക്ഷിയുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതുമാണ്.

7. യൂണിറ്റിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് രണ്ടാം കക്ഷി അറിയിക്കുന്ന മുറയ്ക്ക് ടീമിനെ/ടീം അംഗങ്ങളെ മാറ്റി, യൂണിറ്റ് പുതുക്കാവുന്നതാണ്.

**രണ്ടാം കക്ഷിയുടെ ഉത്തരവാദിത്വങ്ങൾ**

1. യൂണിറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥല സൗകര്യങ്ങൾ ലഭ്യമാക്കും.

2. സംരംഭ ഗ്രൂപ്പിലെ വനിതകൾക്ക് അത്യാവശ്യ സൗകര്യങ്ങൾക്കായി ടോയ്ലറ്റ്, വിശ്രമ മുറി മുതലായവ ലഭ്യമാക്കും.

3. 28/04/2017 – ലെ സ.ഉ (അച്ചടി)നം.56/2017/ധന. സർക്കാർ ഉത്തരവ് അനുസരിച്ചുള്ള വിവിധ സേവനങ്ങൾക്ക് നിശ്ചയിച്ച ദിവസവേതന നിരക്ക പ്രകാരം മൈക്രോ സംരംഭ യൂണിറ്റിന് വേതനം ലഭ്യമാക്കുന്നതാണ്.

4. പ്രസ്തുത നിരക്കുകൾ സർക്കാർ വർദ്ധിപ്പിക്കുന്ന മുറയ്ക്ക് ആയത് യൂണിറ്റുകൾക്കും ബാധകമാക്കും.

5. ഹാജർ പരിശോധിച്ച് എല്ലാ മാസവും 5-ാം തീയതിക്കകം യൂണിറ്റിന് തുക അനുവദിക്കുന്നതാണ്.

6. യൂണിറ്റിന് പ്രവർത്തനത്തിന് ആവശ്യമായ യന്ത്രസാമഗ്രികളും ഉപകരണങ്ങളും അസംസ്കൃത വസ്തുക്കളും (ക്ലീനിംഗ് മെറ്റീരിയൽ, പാചക വാതകം, പാചക പാത്രങ്ങൾ, ധാന്യങ്ങൾ, പലവ്യഞ്ജന വസ്തുക്കൾ, വെള്ളം മുതലായവ) ലഭ്യമാക്കുന്നതാണ്.

7. വനിതാ ഹോസ്റ്റലിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തും. ആയത് ഒന്നാം കക്ഷിയെ അറിയിക്കുന്നതാണ്.

**പൊതുധാരണ**

1. സ്ഥിരമായി ടി തസ്തികകളിലേയ്ക്ക് ആളുകളെ നിയമിക്കുന്നതുവരെ അല്ലെങ്കിൽ ഒരു വർഷം ഏതാണ് കുറവ് ആയതാണ് കരാറിന്റെ കാലാവധി.

2. ഇരു കക്ഷികളും ചർച്ച ചെയ്ത് ഒരു മാസത്തെ നോട്ടീസ് നല്കി പരസ്പരം കരാർ അവസാനിപ്പിക്കാവുന്നതാണ്.

3. ഒന്നാം കക്ഷി നല്കിയ യൂണിറ്റ് പ്രതീക്ഷിച്ച മികവ് പുലർത്തുന്നില്ലെങ്കിൽ രണ്ടാം കക്ഷിയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത യൂണിറ്റിനെ മാറ്റി മറ്റൊരു യൂണിറ്റിനെ സേവനത്തിനായി ലഭ്യമാക്കുന്നതാണ്.

4. ഒന്നാം കക്ഷി നല്കുന്ന യൂണിറ്റുകൾ രണ്ടാം കക്ഷിയുടെ സ്ഥാപനത്തിന്റെ നിയമങ്ങൾക്ക് വിധേയമായി പ്രവർത്തനം നടത്തുന്നതാണ്.

5. രണ്ടാം കക്ഷിയുടെ സ്ഥാപനത്തിന്റെ അച്ചടക്ക നിലവാരം ടി യൂണിറ്റുകൾ

കർശനമായി പാലിക്കുന്നതാണ് ഹോസ്റ്റൽ അന്തേവാസികളോട് മികച്ച പെരുമാറ്റം യൂണിറ്റ് അംഗങ്ങൾ കാഴ്ചവയ്ക്കുന്നതാണ്.

6. യൂണിറ്റിൽ കൂടുതൽ പേർ ആവശ്യമെങ്കിലോ, നിലവിലുള്ളവരെ കുറയ്ക്കണമെങ്കിലോ പരസ്പര ധാരണയോടെ ആയത് നിർവ്വഹിക്കാവുന്നതാണ്.

7. സംരംഭ യൂണിറ്റ് അംഗങ്ങൾക്ക് തുടർ പരിശീലനം ആവശ്യമെങ്കിൽ ഒന്നാം കക്ഷി നല്കുന്നതാണ്.

മേൽ നിബന്ധനകൾ പ്രകാരം ഒന്നാം കക്ഷിയും രണ്ടാം കക്ഷിയും ധാരണാ പത്രത്തിൽ ഒപ്പു വച്ചു കൊള്ളുന്നു.

ഒന്നാം കക്ഷി

രണ്ടാം കക്ഷി

. . . . . . . . . . . . . . . . . .
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ

. . . . . . . . . . . . . . . . . .
പ്രിൻസിപ്പൽ

. . . . . . . . . . . . . . . . . ജില്ല

. . . . . . . . . . . . . . . . . .കോളേജ്/ഹോസ്റ്റൽ

സാക്ഷികൾ

1.

2.